പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1924 **26-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ അഭിഭാഷകരുടെ നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. എൻ. കെ. അക്ബർ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ കോടതികൾ, സബ് കോടതികൾ,മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകൾ, മുൻസിഫ് കോടതികൾ എന്നിവിടങ്ങളിൽ സർക്കാർ കക്ഷിയായുള്ള കേസുകൾ നടത്തുന്നതിനായി എത്ര ലോ ഓഫീസർമാരെ (അഭിഭാഷകരെ) നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

മറുപടി: ഇല്ല. ജില്ലാ തലത്തിൽ പുതിയ സർക്കാർ അഭിഭാഷകരെ നിയമിയ്ക്കുന്നതിനുള്ള പാനലുകൾ ലഭ്യമാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാരിൽ നിന്നും പാനൽ ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ തലത്തിലെ സർക്കാർ അഭിഭാഷകരുടെ നിയമനനടപടികൾ പൂർത്തിയാക്കുന്നതാണ്.

(ബി) പ്രസ്തുത സർക്കാർ അഭിഭാഷകരുടെ നിയമനം, സേവന വ്യവസ്ഥകൾ, കർത്തവ്യങ്ങൾ, അവകാശങ്ങൾ, ബാധ്യതകൾ, സർക്കാർ കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കാമോ?

മറുപടി: ജില്ലാ ഗവ.പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഗവ.പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരുടെ നിയമനം, 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആൻറ് കണ്ടീഷൻസ് ഓഫ് സർവീസ്) ആൻറ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങൾ, 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 03.12.2025, 27.07.2026 തീയതികളിൽ പുറപ്പെടുവിച്ച INS-B1/31/2025/LAW നമ്പർ സർക്കുലറുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. മുൻസിഫ് കോടതികളിലെ പ്ലീഡർ ടു ഡൂ ഗവൺമെന്റ് വർക്കുമാരുടെയും, മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകളിലെ സർക്കാർ അഭിഭാഷകരുടെയും നിയമനവും അവരുടെയും മേൽ സർക്കാർ അഭിഭാഷകരുടെയും സേവന വ്യവസ്ഥകൾ, കർത്തവ്യങ്ങൾ, അവകാശങ്ങൾ, ബാധ്യതകൾ, സർക്കാർ കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ എന്നിവയും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആൻറ് കണ്ടീഷൻസ് ഓഫ് സർവീസ്) ആൻറ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങൾക്കനുസൃതമാണ്.

സെക്ഷൻ ഓഫീസർ